compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

# കേരള ഗസറ്റ്
# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2026 മെയ് 12
**Tuesday, 12th May 2026**

**1201 മേടം 29**
**29th Medam 1201**

**1948 വൈശാഖം 22**
**22nd Vaisakha 1948**

വാല്യം 15
**Vol. XV**

നമ്പർ **19**
**No.**

## Part III

## Industrial Tribunals

©
കേരള സർക്കാർ
GOVERNMENT OF KERALA
2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നോട്ടീസ്

നമ്പർ P-289/25. 2026 ഏപ്രിൽ 28.

1-12-2013-ാം തീയതി വണ്ടിപ്പെരിയാർ പശുമല എസ്റ്റേറ്റിൽ ജോലി നോക്കി വരവെ ഹൃദയസ്തംഭനമുണ്ടായി മരണമടഞ്ഞ ശ്രീ. പരമശിവൻ @ ശിവൻ-ന്റെ ആശ്രിതർക്ക് എംപ്ലോയീസ് കോമ്പൻസേഷൻ നൽകുന്നതിനായി ₹ 7,76,921 (ഏഴ് ലക്ഷത്തി എഴുപത്തി ആറായിരത്തി തൊള്ളായിരത്തി ഇരുപത്തിയൊന്ന് രൂപ മാത്രം) ഈ ഓഫീസിൽ കെട്ടിവച്ചിരിക്കുന്നു. അന്വേഷണം നടത്തിയതിൽ ടിയാന്റെ ആശ്രിതയായി

ശ്രീമതി രാമലക്ഷ്മി @ മുരുകേശ്വരി, C/R No. 1181/1st ഡിവിഷൻ, പശുമല എസ്റ്റേറ്റ്, മഞ്ഞുമല, വണ്ടിപ്പെരിയാർ പി. ഒ., ഇടുക്കി-685 533—ഭാര്യ

മാത്രമേ ഉള്ളൂ എന്ന് പീരുമേട് അസിസ്റ്റന്റ് ലേബർ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടിയാന്റെ ആശ്രിതർ എന്ന് മേൽ വിവരിച്ച നിർവചനത്തിൽ ഉൾപ്പെടുന്നവരായി വേറെ ആരെങ്കിലും ഉണ്ടെങ്കിൽ ഈ നോട്ടീസ് കേരള ഗസറ്റിൽ രേഖപ്പെടുത്തുന്ന തീയതി മുതൽ 15 ദിവസത്തിനകം ഈ ആഫീസിൽ രേഖാമൂലം ഹാജരായി തെളിയിക്കേണ്ടതും അവധി കഴിഞ്ഞുള്ള ഹർജികൾ പരിഗണിക്കപ്പെടുന്നതല്ലാത്തതുമാകുന്നു.

Whereas The New India Assurance Company Limited, Kottayam Divisional Office has deposited with this Court a sum of ₹ 7,76,921 (Rupees Seven Lakhs Seventy Six Thousand Nine Hundred and Twenty One only) as compensation to be distributed to the dependents of the deceased Sri Paramasivan @ Sivan who died due to heart attack while he was working as a Employee under Passumullay Estate, Vandiperiyar on 1-12-2013 and The Assistant Labour Officer, Peermade has reported that

Smt. Ramalekshmy @ Murukeswary, C/R No. 1181/1st Division, Passumullay Estate, Manjumala, Vandiperiyar P. O., Idukki-685 533—Wife

is his dependent as defined under Section 2 (1) (d) of the Employee's Compensation Act. Any others who claim to be the dependents of the deceased should within 15 days of the publication of this notice in the Kerala Gazette prefer their claim in writing before me and prove the same. If no such claims are received within the prescribed time the entire amount of Compensation will be disbursed to the person mentioned above. Claims preferred thereafter will not be considered.

Office of the Indusrial Tribunal &
Commissioner for Employees' Compensation, Kollam.

(Sd.)
*Employees Compensation Commissioner.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**നം. ബി 93/26.** തിയ്യതി : **05.05.2026.**

# നോട്ടീസ്

ശ്രീ. രവി., S/o. നാടുതമ്പി, കടമറ്റം, മലക്കപ്പാറ, തൃശ്ശൂർ – 680721എന്ന വ്യക്തി ജോലി ചെയ്യുന്നതിനിടയിൽ അപകടം സംഭവിച്ച് മരണപ്പെട്ടതിനാൽ ടിയാന്റെ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകുന്നതിനു വേണ്ടി **16,84,300/-** (പതിനാറ് ലക്ഷത്തി എൺപത്തി നാലായിരത്തി മുന്നൂറ് രൂപ മാത്രം) ടാറ്റാ കോഫീ ലിമിറ്റഡ് ഈ കോടതിയിൽ കെട്ടിവെച്ചിരിക്കുന്നു. തൊഴിലാളികൾക്കുള്ള നഷ്ടപരിഹാരം നിയമത്തിലെ 2(1) (ഡി) വകുപ്പ് അനുസരിച്ചുള്ള നിർവ്വചന പ്രകാരം രവി.യുടെ ആശ്രിതരായി (1). ശ്രീമതി. അജിത. (ഭാര്യ), (2) ആര്യ (മകൾ), (3) ശ്രീമതി. രാമായി (മാതാവ്) എന്നിവർ മാത്രമാണ് ഉള്ളതെന്ന് അസിസ്റ്റൻറ് ലേബർ ഓഫീസർ, ചാലക്കുടി റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. പരേതനായ തൊഴിലാളിയുടെ ആശ്രിതരാണെന്ന് അവകാശപ്പെടുന്ന മറ്റാരെങ്കിലുമുണ്ടെങ്കിൽ അവർക്കുള്ള അവകാശം ഈ നോട്ടീസ് കേരള ഗവൺമെൻറ് ഗസറ്റിൽ പരസ്യപ്പെടുത്തി **15 ദിവസത്തിനകം** ഈ കോടതി മുമ്പാകെ എഴുതി സമർപ്പിക്കേണ്ടതും ആയത് തെളിയിക്കേണ്ടതുമാണ്. നിർദ്ദിഷ്ട സമയത്തിനകം യാതൊരു അവകാശവാദവും ലഭിച്ചില്ലെങ്കിൽ നഷ്ടപരിഹാര തുക മുഴുവനും മേൽ പറഞ്ഞ വ്യക്തികൾക്ക് വിതരണം ചെയ്യുന്നതാണ്. അതിനുശേഷം സമർപ്പിക്കുന്ന അവകാശവാദങ്ങൾ പരിഗണിക്കുന്നതല്ല.

ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന്റെ
കാര്യാലയം , അയ്യന്തോൾ - **680 003.**

(ഒപ്പ്)
എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർ,
തൃശ്ശൂർ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നോട്ടീസ്

നമ്പർ E1-25/2026. 2026 ഏപ്രിൽ 25.

കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്, ഇലക്ട്രിക്കൽ സെക്ഷൻ, പൊൻമുണ്ടം എന്ന തൊഴിലുടമയുടെ കീഴിൽ ജോലി ചെയ്തു വരവെ 24-6-2025-ന് അപകടം സംഭവിച്ച് മരണമടഞ്ഞ ശ്രീ. കുഞ്ഞഹമ്മദ്, കെ. ടി. എന്ന തൊഴിലാളിയുടെ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ, തിരൂർ ₹ 8,85,575 (എട്ട് ലക്ഷത്തി എൺപത്തി അയ്യായിരത്തി അഞ്ഞൂറ്റി എഴുപത്തിയഞ്ച് രൂപ മാത്രം) ഈ കോടതി മുമ്പാകെ കെട്ടിവച്ചിട്ടുണ്ട്. തൊഴിലാളികൾക്കുള്ള നഷ്ടപരിഹാര ആക്ട് 1923-2 (1) (ഡി) വകുപ്പനുസരിച്ച് നിർവ്വചിച്ച പ്രകാരം ടിയാന്റെ മരണസമയത്തെ ആശ്രിതരായി ചുവടെ ചേർത്തിരിക്കുന്ന പട്ടികയിൽ ഉൾപ്പെടുന്നവർ മാത്രമേ ഉള്ളൂവെന്ന് അസിസ്റ്റന്റ് ലേബർ ഓഫീസർ, തിരൂരങ്ങാടി അന്വേഷണം നടത്തി റിപ്പോർട്ട് ചെയ്തിരിക്കുന്നു.

പട്ടിക

| ക്രമ നമ്പർ | പേര് | മരണമടഞ്ഞ തൊഴിലാളിയുമായുള്ള ബന്ധം | ജനന തീയതി | മേൽവിലാസം |
|---|---|---|---|---|
| 1 | ശ്രീമതി ജമീല | ഭാര്യ | 1-1-1977 | കവുങ്ങും തോട്ടത്തിൽ ഹൗസ്, അയ്യായ, |
| 2 | കുമാരി ഹഫീഫ സെറി | മകൾ | 28-6-2005 | വെള്ളച്ചാൽ, |
| 3 | കുമാരി ഫാത്തിമ ഫിദ, കെ. ടി. | മൈനർ മകൾ | 31-1-2009 | ഒഴൂർ പി. ഒ., മലപ്പുറം-676 307 |

ഇപ്രകാരമുള്ള ആശ്രിതരാണെന്ന് അവകാശപ്പെടാവുന്ന മറ്റാരെങ്കിലുമുണ്ടെങ്കിൽ അവർക്കുള്ള അവകാശം ഈ നോട്ടീസ് കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 15 ദിവസത്തിനകം എന്റെ മുമ്പാകെ രേഖാമൂലം എഴുതി സമർപ്പിക്കേണ്ടതും ആയത് തെളിയിക്കേണ്ടതുമാണ്. നിശ്ചിത സമയപരിധിയ്ക്കകം യാതൊരുവിധത്തിലുള്ള അവകാശവാദങ്ങളും ലഭിച്ചില്ലെങ്കിൽ കെട്ടിവച്ച നഷ്ടപരിഹാര തുക മുഴുവനും മേൽപ്പറഞ്ഞ വ്യക്തികൾക്ക് വിതരണം ചെയ്യുന്നതാണ്. ആയതിനുശേഷം ലഭിക്കുന്ന അവകാശവാദങ്ങൾ ഒന്നുംതന്നെ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

(ഒപ്പ്)
കമ്മീഷണർ,
എംപ്ലോയീസ് കോമ്പൻസേഷൻ
(വ്യാവസായിക ട്രൈബ്യൂണൽ),
പാലക്കാട്.

വ്യാവസായിക ട്രൈബ്യൂണലിന്റെ
കാര്യാലയം, പാലക്കാട്.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.05.12 04:27:22 +05:30